ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) അരിയുടെ വില 1963 ഡിസംബർ മാസം ആദ്യത്തെ പകുതിയിൽ ഗണ്യമായി വർദ്ധിച്ചിരുന്നുവെന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) - അരിവിലക്കയറ്റത്തെ തടയുന്നതിനു താഴെപറയുന്ന നടപടികളും ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ട്.

1. ആന്ധ്രായിൽനിന്നും കേരളത്തിലേക്കു കൂടുതൽ അരി കൊണ്ടുവരുന്നതിനു വേണ്ടത്ര റെയിൽവേ വാഗണുകളും നൽകുന്നതിനു റെയിൽവേ അധികൃതരുമായി ഏർപ്പാടുകളും ചെയ്തു.

2. കേരളത്തിലേയ്ക്കു അയയ്ക്കുന്ന അരിവാഗണുകളും റെയിൽവേ ജംഗ്ഷനുകളിൽ താമസിക്കാതെ വേഗത്തിൽ നേരിട്ടു ഇവിടെ എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. കൂടാതെ, പ്രധാന റെയിൽവേജംഗ്ഷനുകളും സന്ദർശിച്ചു അവിടെ കേരളത്തിലേക്കുള്ള അരിവാഗണുകളും താമസിച്ചുകിടപ്പുണ്ടെങ്കിൽ അവയെ ഉടനടി അയപ്പിക്കുന്നതിനു ഒരു സ്പെഷ്യൽ ആഫീസറെ നിയോഗിച്ചു.

3. ന്യായവിലഷാപ്പുകളുംവഴി കൂടുതൽ അരി വിതരണം ചെയ്യുന്നതിലേക്കായി കേന്ദ്രഗവണ്മെൻറിൽനിന്നും 5,000 ടൺ അരി സ്പെഷ്യൽ കോട്ടായായി സമ്പാദിച്ചു. ഈ സ്റ്റോക്കു ഉപയോഗിച്ചു 22–12–63 മുതൽ രണ്ടാഴ്ചക്കാലത്തേക്കു ന്യായവിലഷാപ്പുകളുംവഴി കാർഡൊന്നിനു രണ്ടിടങ്ങഴി അരി വീതം വിതരണം നടത്തി.

4. ജില്ലാ കളക്ടറന്മാർ മൊത്തവ്യാപാരികളെ വിളിച്ചുകൂട്ടി അമിതലാഭേച്ഛയെ നിരുൽസാഹപ്പെടുത്തുകയും അവരുടെ സഹകരണം സമ്പാദിക്കുകയും ചെയ്തു.

പോലീസ് മേധാവിയുടെ അമേരിക്കൻ പര്യടനം.

* 609. [26] ശ്രീ. കെ. ആർ. വിജയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാനത്തെ പോലീസ് മേധാവി (Inspector General of Police) അമേരിക്കൻ ഐക്യനാടുകളിൽ അടുത്ത കാലത്തു പോയിരുന്നോ ;

(ബി) എന്തെങ്കിലും പ്രത്യേക പരിശീലനത്തിനായിട്ടാണോ അദ്ദേഹം പര്യടനം നടത്തിയതു ;

(സി) ഗവണ്മെൻറ് ഇതിലേയ്ക്കു വല്ല ചെലവും വഹിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) പോയിരുന്നു.

(ബി) 1963-ൽ Air India International-ന്റെ മദ്രാസിൽനിന്നു ന്യൂയോർക്കിലേയ്ക്കുള്ള പുതിയ വിമാനസർവ്വീസിന്റെ ഉൽഘാടനപറക്കലിൽ (Inagural Flight) സംബന്ധിക്കുവാൻ ശ്രീ. വി. പി. നായരെ ക്ഷണിക്കുകയും അദ്ദേഹത്തിന് അതിനു അനുവാദം നൽകുകയും ചെയ്തിരുന്നു. ആ സന്ദർഭം ഉപയോഗപ്പെടുത്തി ന്യൂയോർക്കിലെ പോലീസ് വകുപ്പിന്റെ പ്രവർത്തനം മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും അദ്ദേഹത്തിനു അനുമതി നൽകിയിരുന്നു.

(സി) ഉണ്ടു.

(ഡി) ന്യൂയോർക്കിൽ താമസിച്ചതിനു ദിനബത്ത വകയിൽ 883 രൂ. 5 ന. പൈസ ചെലവു വഹിച്ചിട്ടുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly